"ഭരണഭാഷ മാതൃഭാഷ"

തദ്ദേശ സ്വയംഭരണ വകുപ്പ് (പ്ലാനിംഗ്)
ജില്ലാ ടൗൺപ്ലാനറുടെ കാര്യാലയം
An ISO 9001 2015 Certified Office
കെ.യു.ആർ.ഡി.എഫ്.സി ബിൽഡിംഗ്,
ചക്കോരത്തുകുളം, വെസ്റ്റ്ഹിൽ (പി.ഒ),
കോഴിക്കോട്, തീയതി. 26/08/2021
ഫോൺ:0495-2369300
ഇമെയിൽ:tpkzd.lsgdplng@kerala.gov.in

നമ്പർ.TCPKZD/274/2021-C1

**നഗരാസൂത്രക,**
കോഴിക്കോട്.

**അസി.എൻജിനിയർ,**
കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ
ബേപ്പൂർ മേഖലാ കാര്യാലയം

സർ,

വിഷയം:- കോഴിക്കോട് നഗരസഭാ ബേപ്പൂർ മേഖല -പരിസ്ഥിതി ലോല പ്രദേശത്തു കെട്ടിട നിർമ്മാണം സംബന്ധിച്ച്

സൂചന:- അസി.എൻജിനിയറുടെ 22/4/21 ലെ BZ/TP/3260/2021 നമ്പർ കത്ത്

*************

കോഴിക്കോട് കോർപറേഷൻ ബേപ്പൂർ മേഖല EW 53, ബേപ്പൂർ വില്ലേജ് റീസർവ്വേ നം 1 പെട്ട സ്ഥലത്ത് ഒരു വാസഗൃഹം നിർമിക്കുന്നതിനായി ശ്രീ. സൈതലവിയുടെ അപേക്ഷയിൽ, തന്നിരിക്കുന്ന പ്ലാൻ പ്രകാരം 2019-ലെ കേരള മുനിസിപ്പൽ ബിൽഡിംഗ് റൂളിനു അനുസൃതമായി താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി അനുമതി നൽകുന്നത് അംഗീകരിക്കുന്നുവെന്ന് ഇതിനാൽ അറിയിക്കുന്നു.

**<u>നിബന്ധനകൾ</u>**

1.കൺകറൻസ് എന്നത് നിർമാണത്തിനുള്ള അനുമതിയില്ല. ആയത് കെ.എം.ബി.ആർ-2019 ചട്ടം 5 പ്രകാരം കോർപറേഷൻ സെക്രട്ടറിയിൽ നിന്നും അനുമതി വാങ്ങേണ്ടതാണ്.
2.ഭൂമിയുടെ ഉടമസ്ഥാവകാശം , വിസ്തീർണം, തരം, അതിരുകൾ എന്നിവയുടെ ആധികാരികത സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
3.കെ.എം.ബി.ആർ 2019 ചട്ടം 5(4) പ്രകാരം ലഭ്യമാക്കേണ്ട എല്ലാ അനുമതികളും ലഭിച്ചു എന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്
4.വിഭാവിത നിർമാണം നിർദിഷ്ട 24 മീറ്റർ തീരദേശ പാതയിൽ നിന്നും ആവശ്യമായ അകലം പാലിക്കുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

താങ്കളുടെ എഴുത്തിനോടൊപ്പം ലഭിച്ച പ്ലാനിന്റെ ഒരുകോപ്പി ഇതോടൊന്നിച്ച് തിരിച്ചയക്കുന്നു.

നോട്ട്:- ഇത് മാസ്റ്റർപ്ലാൻ മേഖലാ നിയന്ത്രണ ചട്ടം 2035 ഭേദഗതി 12(C) പ്രകാരം പരിസ്ഥിതി ലോല മേഖലയിൽ വാസഗൃഹം നിർമ്മിക്കുവാനുള്ള കൺകറൻസ് മാത്രമാണ്. സമർപ്പിച്ച പ്ലാനുകൾ പരിശോധിച്ച ശേഷം ചട്ടപ്രകാരമുള്ള കെട്ടിട നിർമ്മാണ അനുമതി നൽകാവുന്നതാണ്.

ഉള്ളടക്കം: മേൽപ്പറഞ്ഞവ

വിശ്വസ്തതയോടെ,

ഐഷ പി.എ
നഗരാസൂത്രക,

പകർപ്പ് :- അപേക്ഷകന്

ale

DESPATCHED
Date 27/8/2021